(ഡി) 27.10.99-ൽ ഈ സംഭവത്തിൽ പ്രതിഷേധിച്ച് അഭിഭാഷകരെ പുനലൂർ എസ്.ഐ. കൈയ്യേറ്റം ചെയ്യുവാൻ ശ്രമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ പുനലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഡി)-(ഇ) പരാതി ലഭിച്ചിട്ടില്ല.

കെ.ഐ. റഹിമിനെ മർദ്ദിച്ച സംഭവം

51 (762) ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ തൊടുപുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മൂവാറ്റുപുഴ സബ്ജയിലിൽ വാർഡനായിരുന്ന കെ.ഐ. റഹിമിനെ തൊടുപുഴ താലൂക്ക് ചെത്ത് തൊഴിലാളി ഓഫീസിൽ വച്ച് മർദ്ദിച്ച സംഭവത്തെക്കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് സതീശൻ, ഷാജി എന്നിവർക്കെതിരായി തൊടുപുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും തൊടുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 2-ൽ ചാർജ് നൽകിയിട്ടുള്ളതും കേസ് കോടതിയുടെ പരിഗണനയിലുമാണ്.

കെ.പി. അസ്മയുടെ മരണം

52(763) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കസബ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കെ. പി. അസ്മ എന്ന സ്ത്രീ കഴിഞ്ഞ സെപ്റ്റംബർ 8-ന് ദുരൂഹമായ സാഹചര്യത്തിൽ തീ പൊള്ളലേറ്റ് മരിച്ച സംഭവത്തിൽ പോലീസ് എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) മരിച്ച കെ.പി. അസ്മയുടെ ഭർത്താവായിരുന്ന ഇക്ബാലിന്റെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഇക്ബാലിനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly